കേരള സർക്കാർ

INFORMATION & PUBLIC RELATIONS
20 JUN 2011
Thiruvananthapuram
SECRETARIAT

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുവാൻ പരീക്ഷണാടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

012386     വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ (സാധാ) നം. 265/2011/വനം     തിരുവനന്തപുരം, തീയതി: 17 .06.2011.

---

പരാമർശം:- 1) 1.2.2011 ലെ സ.ഉ (എം.എസ്) നം.4/2011/വനം നമ്പർ സർക്കാർ ഉത്തരവ്.
2) 3.5.2011 ൽ ബഹു: വനം വകുപ്പ് മന്ത്രിക്ക് പരാമർശം (1) പ്രകാരമുള്ള കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട്.

**ഉത്തരവ്**

സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലമുൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി വമ്പിച്ച തോതിലുള്ള കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരികയാണ്. വന്യജീവികളുടെ ആക്രമണം മൂലം ജീവഹാനിയുണ്ടാകുന്ന സന്ദർഭങ്ങളും വർദ്ധിച്ചുവരുകയാണ്. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കാൻ വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും വന്യജീവി വിഭാഗം മുഖ്യവനപാലകൻ കൺവീനറുമായും ഒരു പത്തംഗ സമിതിയെ പരാമർശം ഒന്നിലെ ഉത്തരവ് വഴി സർക്കാർ നിയമിച്ചു. ഈ കമ്മിറ്റി പരാമർശം രണ്ടു പ്രകാരം സർക്കാരിന് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കു വഹിക്കുന്ന കാട്ടുപന്നികളെ പരാമർശം രണ്ടിലെ ഇടക്കാല റിപ്പോർട്ടിലെ നിബന്ധനകൾക്ക് വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക്, വെടിവച്ചു കൊല്ലുന്നതിനുള്ള അനുമതി നല്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിനായി വനം വകുപ്പിലെ റെയിഞ്ച് ഓഫീസർമാർക്ക് അധികാരം ഡെലിഗേറ്റ് ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർമാർ ഇതു സംബന്ധിച്ച് സമയബന്ധിതമായി പുനഃപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ് ഒരു വർഷത്തേകക്ക് പരീക്ഷണാടിസ്ഥാനത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സാജൻ പീറ്റർ**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്)
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം (അറിവിലേയ്ക്കായി)
ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
സേറ്റാക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*